(ബി) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്ത കണക്കാക്കി സർട്ടിഫിക്കറ്റ് നൽകി വരുന്നു. കൂടാതെ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശനത്തിന് അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്തയും കണക്കിലെടുത്ത് വരുമാന സർട്ടിഫിക്കറ്റ് നൽകിവരുന്നു.

(സി) പരിഗണനയിൽ ഇല്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുറംപോക്ക് ഭൂമി പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വികസന പ്രവർത്തനത്തിനുവേണ്ടി അനുവദിക്കുന്നതിനായി നടപടി

1 (3560) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറംപോക്ക് ഭൂമി അതാത് പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തുകളുടെ വിതരണത്തിനുവേണ്ടി ഉപയുക്തമാക്കാൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നിയമ തടസ്സങ്ങൾ നീക്കി പുറംപോക്ക്ഭൂമി പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വിതരണ സമിതികൾ ഉപയോഗിക്കുവാൻ അനുവാദം നൽകുമോ ;

(ബി) സംസ്ഥാനത്ത് പുറംപോക്ക് ഭൂമി പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വികസന പ്രവർത്തനത്തിനുവേണ്ടി ഉപയോഗിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പുറംപോക്ക് ഭൂമി അതാത് പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളുടെ വികസനത്തിനുവേണ്ടി ഉപയുക്തമാക്കുവാൻ നിലവിൽ നിയമ തടസ്സങ്ങളില്ല.

(ബി) പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇപ്രകാരം പുറംപോക്ക് ഭൂമി ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുറംപോക്ക് ഭൂമി പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വികസന പ്രവർത്തനത്തിനുവേണ്ടി ഉപയോഗിച്ചതിന്റെ കൂടുതലായ കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടില്ല.

വില്ലേജുകളുടെ അതിർത്തിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച ഉത്തരവ്

2 (3561) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വില്ലേജുകളുടെ അതിർത്തിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലെ തെള്ളിയൂർ പുറമറ്റം വില്ലേജുകളുടേയും മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ ഊർങ്ങാട്ടിരി, വെറ്റിലപ്പാറ എന്നീ വില്ലേജുകളുടെയും മലപ്പുറം ജില്ലയിൽ ഏറനാട്-പെരുന്തൽമണ്ണ താലൂക്കുകളിൽപ്പെട്ട പാണ്ടിക്കാട്-എടപ്പറ്റ വില്ലേജുകളുടേയും തിരുവനന്തപുരം താലൂക്കിലെ പട്ടം-ചെറുവയ്ക്കൽ വില്ലേജുകളിലേയും അതിർത്തിയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റീസർവ്വെ സമയത്ത് പ്രകൃതിദത്തമായ അതിർത്തി സ്വീകരിക്കുന്നതുകൊണ്ടാണ് ഇപ്രകാരം അതിർത്തി വ്യതിയാനങ്ങൾ വരുന്നത്.

പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം

3 (3562) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭം മൂലം ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട മയ്യനാട്, മൂയം, താന്നി, ഇരവിപ്പുരം, ആദിച്ചമൻതോപ്പ്, കൊളത്തിൽപ്പാട്, പി. എം. ആർ. ആശുപത്രിക്കു സമീപം, കാക്കതോപ്പ് എന്നിവിടങ്ങളിൽ നിരവധി വീടുകൾ നഷ്ടപ്പെടുകയും കൃഷിനാശം സംഭവിക്കുകയും ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനകം എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) ഇത് സംബന്ധിച്ച് റിലീസ് ക്യാമ്പുകൾ തുറന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ക്യാമ്പുകളിൽ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിൽ ഇരവിപുരം നിയോജകമണ്ഡലത്തിൽ ശക്തമായ കടലാക്രമണത്തിനിരയായ മുപ്പത്തെട്ടോളം കുടുംബങ്ങളെ 2 ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. ടി ഭാഗത്ത് കടൽഭിത്തി സ്ഥാപിച്ചിട്ടുണ്ടെങ്കിലും രൂക്ഷമായ കടലാക്രമണം തടയാൻ ഫലപ്രദമായ നിർദ്ദേശങ്ങൾ ഇറിഗേഷൻ വകുപ്പിനോട് ആരാഞ്ഞിരിക്കുകയാണ്.

(സി) ഉണ്ട്. 38 കുടുംബങ്ങളെ 2 റിലീസ് ക്യാമ്പുകളിലായി മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

ജാതി തെളിയിക്കുന്നതിനുള്ള രേഖകളുടെ അഭാവം

4 (3563) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട വില്ലേജുകളിലെ രണ്ടായിരത്തിലധികം കുടുംബങ്ങൾക്ക് ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ നിലവിൽ ഇല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly